# Deepika
# 12 August 2018
# Kochi, CM Visited Relief Camp, Flood Victims

## ആകുലതകൾ കേട്ടും സമാധാനിപ്പിച്ചും മുഖ്യമന്ത്രിയുടെ സന്ദർശനം

**ജില്ലയിലെ പ്രശ്നങ്ങൾ പ്രത്യേകമായി പരിഗണിച്ചു പരിഹരിക്കും**



**കുന്നുകര പഞ്ചായത്തിലെ ദുരിതാശ്വാസ ക്യാമ്പായ അഹാന ഓഡിറ്റോറിയത്തിൽ എത്തിയ മുഖ്യമന്ത്രി പിണറായി വിജയനോട് പരാതികൾ ബോധിപ്പിക്കുന്ന ക്യാമ്പ് അംഗം. പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, കെ.വി. തോമസ് എംപി എന്നിവർ സമീപം.**

**കൊച്ചി:** കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ടുള്ള എറണാകുളം ജില്ലയിലെ സവിശേഷപ്രശ്നങ്ങൾ പ്രത്യേകമായി പരിഗണിച്ചു പരിഹരിക്കുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. ചെങ്ങൽ തോടിന്റെ നവീകരണം ഇത്തരത്തിലൊന്നാണ്. തോട് വീതികൂട്ടി ഒഴുക്കു സുഗമമാക്കാൻ എന്തുചെയ്യാനാകുമെന്ന കാര്യവും ആലോചിക്കുമെന്നു മുഖ്യമന്ത്രി പറഞ്ഞു.

ചെറുതോണി, ഇടമലയാർ ഡാമുകൾ തുറന്നതിനെത്തുടർന്നു കരകവിഞ്ഞ പെരിയാറിന്റെ തീരത്തുനിന്നു ദുരിതാശ്വാസ ക്യാമ്പുകളിലേക്കു മാറ്റിയവരെ സന്ദർശിച്ചശേഷം ആലുവ പ്രിയദർശിനി ഹാളിൽ നടന്ന അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ചെങ്ങമനാട് പഞ്ചായത്തിലെ ഗവ. ഹയർ സെക്കൻഡറി സ്കൂൾ, കുന്നുകര അഹാന ഓഡിറ്റോറിയം, പുത്തൻവേലിക്കര കേരള ഓഡിറ്റോറിയം എന്നിവിടങ്ങളിലെ ദുരിതാശ്വാസ ക്യാമ്പുകൾ മുഖ്യമന്ത്രി സന്ദർശിച്ചു. ക്യാമ്പിൽ കഴിയുന്നവരോടു വിവരങ്ങൾ ചോദിച്ചു മനസിലാക്കിയ മുഖ്യമന്ത്രിയും റവന്യുമന്ത്രി ഇ. ചന്ദ്രശേഖരനും ആശ്വാസവചനങ്ങൾ ചൊരിഞ്ഞു. പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, ചീഫ് സെക്രട്ടറി ടോം ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി പി.എച്ച് കുര്യൻ എന്നിവരും മുഖ്യമന്ത്രിയോടൊപ്പമുണ്ടായിരുന്നു.

അടിയന്തര സാഹചര്യത്തിലാണ് അണക്കെട്ടുകൾ തുറക്കേണ്ടിവന്നതെന്നും ഇതുമൂലം സംസ്ഥാനത്ത് കനത്തനാശം സംഭവിച്ചതായും എല്ലാവരും ഇതിൽ ദുഃഖിതരാണെന്നും മുഖ്യമന്ത്രി പറഞ്ഞു. ഓരോ ദുരിതങ്ങളും പ്രത്യേകം വിലയിരുത്തി ആവശ്യമായ സഹായ, പരിഹാര നടപടികൾ സ്വീകരിക്കാൻ സർക്കാർ ഊർജിത നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

ചെങ്ങമനാട് പഞ്ചായത്തിലെ കണ്ടംതുരുത്തിലെ ദയനീയാവസ്ഥ മുതിർന്ന അംഗം കോക്കാൻപാടത്ത് മല്ലിക മുഖ്യമന്ത്രിക്കു മുമ്പാകെ വിവരിച്ചു. അൻവർസാദത്ത് എംഎൽഎയും, വാർഡ് മെമ്പർ എം. എസ്. ലിമ എന്നിവരും മുഖ്യമന്ത്രി മുമ്പാകെ കൂടുതൽ കാര്യങ്ങൾ ബോധ്യപ്പെടുത്തി.

കുന്നുകര അഹാന ഓഡിറ്റോറിയത്തിൽ വൻ ജനക്കൂട്ടം മുഖ്യമന്ത്രിയെ കാണാനെത്തിയിരുന്നു. കെ.വി. തോമസ് എംപി, വി.കെ. ഇബ്രാഹിം കുഞ്ഞ് എംഎൽഎ, അൻവർ സാദത്ത് എംഎൽഎ, കുന്നുകര പഞ്ചായത്ത് പ്രസിഡന്റ് ഫ്രാൻസിസ് തറയിൽ എന്നിവർ സ്ഥലത്തുണ്ടായിരുന്നു. പുത്തൻവേലിക്കര കേരള ഓഡിറ്റോറിയത്തിൽ കഴിയുന്ന കുട്ടികളോടും വീട്ടമ്മമാരോടും മുഖ്യമന്ത്രി കാര്യങ്ങൾ ചോദിച്ചറിഞ്ഞു.

പറവൂർ നിയോജകമണ്ഡലത്തിലെ വിവിധ ക്യാമ്പുകളിലെ അവസ്ഥയെക്കുറിച്ചു മുഖ്യമന്ത്രി വി.ഡി. സതീശൻ എംഎൽഎയോടും ചോദിച്ചു മനസിലാക്കി. പുത്തൻവേലിക്കര പഞ്ചായത്ത് പ്രസിഡന്റ് പി. വി. ലാജു, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു സെബാസ്റ്റ്യൻ എന്നിവർ ഇവിടെ എത്തിയിരുന്നു.

ഹെലികോപ്ടർ മാർഗം ഇന്നലെ ഉച്ചകഴിഞ്ഞു രണ്ടിനാണു പിണറായി വിജയനും ഇ. ചന്ദ്രശേഖരനും നെടുമ്പാശേരി വിമാനത്താവളത്തിൽ ഇറങ്ങിയത്. ജില്ലാ കളക്ടർ മുഹമ്മദ് സഫീറുള്ള, ജിസിഡിഎ ചെയർമാൻ സി. എൻ. മോഹനൻ, ഡിജിപി ലോക്നാഥ് ബെഹ്റ, ആലുവ എസ്പി രാഹുൽ ആർ. നായർ എന്നിവർ സംഘത്തെ സ്വീകരിക്കാൻ എത്തിയിരുന്നു.